Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

**12 06 09**

# രക്തദാതാദിനാചരണം നാളെ; സംസ്ഥാനതല ഉദ്ഘാടനം എറണാകുളത്ത്

കൊച്ചി: ലോക രക്തദാതാദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ (ജൂൺ 14) എറണാകുളത്തു നടക്കും. രാവിലെ പത്തിന് എറണാകുളം സെന്റ് തെരേസാസ് കോളജ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ ആരോഗ്യ, സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി പി. കെ. ശ്രീമതി ടീച്ചർ ദിനാചരണ പരിപാടികൾ ഉദ്ഘാടനം ചെയ്യും.

കൊച്ചി മേയർ പ്രഫ. മേഴ്സി ജെ. വില്യംസ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.എസ്. ഷൈല മുഖ്യപ്രഭാഷണം നടത്തും. കോർപറേഷൻ ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എൻ.എ. മണി, കോർപറേഷൻ കൗൺസിലർ ലിനോ ജേക്കബ്, ജില്ലാ കളക്ടർ ഡോ. എം. ബീന, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. കെ.ടി. രമണി, ആരോഗ്യവകുപ്പു ഡയറക്ടർ ഡോ. കെ. ഷൈലജ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ ഡോ. വി. ഗീത, സംസ്ഥാന ഡ്രഗ്സ് കൺട്രോളർ എം.പി. ജോർജ്, സെന്റ് തെരേസാസ് കോളജ് പ്രിൻസിപ്പൽ സിസ്റ്റർ ക്രിസ്റ്റബല്ല തുടങ്ങിയവർ പ്രസംഗിക്കും. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബ്ലഡ് സേഫ്റ്റി ജോയിന്റ് ഡയറക്ടർ ഡോ. സുശീല ഇന്നറിപ്പോർട്ട് അവതരിപ്പിക്കും. എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. ഉഷ ടൈറ്റസ് സ്വാഗതവും അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി. വേലായുധൻ നന്ദിയും പറയും.

രക്തദാനരംഗത്ത് മികച്ച പ്രവർത്തനം കാഴ്ച വച്ച വ്യക്തികൾക്കും സന്നദ്ധ സംഘടനകൾക്കും ബ്ലഡ് ബാങ്കുകൾക്കും ചടങ്ങിൽ അവാർഡ് സമ്മാനിക്കും.

ചടങ്ങിനു ശേഷം രക്തദാനത്തേക്കുറിച്ചും രക്തസുരക്ഷിതത്വത്തേക്കുറിച്ചും പൊതുജനങ്ങൾക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനായി പാനൽ ചർച്ച സംഘടിപ്പിച്ചിട്ടുണ്ട്. സന്നദ്ധ രക്തദാതാക്കൾ, നിരവധി തവണ രക്തം സ്വീകരിച്ചിട്ടുള്ളവർ, ആരോഗ്യവിദഗ്ധർ, രക്തബാങ്കുകളിലെ ഡോക്ടർമാർ, പ്രമുഖ ഡോക്ടർമാർ തുടങ്ങിയവർ പങ്കെടുക്കും. ലോക രക്തദാതാദിനാചരണത്തിന്റെ ഭാഗമായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജൂൺ എട്ടുമുതൽ ഒരാഴ്ചയായി കേരളത്തിൽ രക്തദാന വാരാചരണം സംഘടിപ്പിച്ചു വരികയായിരുന്നു. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും നിരവധി കേന്ദ്രങ്ങളിൽ രക്തദാനക്യാമ്പുകളും സെമിനാറുകളും മറ്റും സംഘടിപ്പിച്ചിരുന്നു.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**